### മലബാർ സമരത്തിന്റെ രാഷ്ട്രീയം-3

# വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജി

● കെ.ടി ഹുസൈൻ

**മലബാർ** സമരത്തിന്റെ പ്രധാന ചാലകശക്തി ആലി മുസ്‌ലിയാരായിരുന്നുവെങ്കിലും വിസ്മയകരമായ യുദ്ധ നൈപുണ്യവും അനിതരസാധാരണമായ ഭരണ പാടവവും കൊണ്ട് ഖിലാഫത്ത് സമരത്തെ ആദ്യാവസാനം മുന്നിൽനിന്ന് നയിച്ചത് വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജിയായിരുന്നു. ആലി മുസ്‌ലിയാരുടെ ഖിലാഫത്ത് ഭരണം കേവലം പത്തു ദിവസം മാത്രം നീണ്ടുനിന്നപ്പോൾ കുഞ്ഞഹ്മദ് ഹാജിയുടെ ഭരണം ആറുമാസം നീണ്ടു നിൽക്കുകയുണ്ടായി. ഈ ആറു മാസവും നിലക്കാത്ത പോരാട്ടങ്ങളിലൂടെ കൊളോണിയൽ ഭരണകൂടത്തെ വിറകൊള്ളിച്ച കുഞ്ഞഹ്മദ് ഹാജി ഇന്ത്യ ജന്മം നൽകിയ ഇതിഹാസ തുല്യരായ വിപ്ലവകാരികളിലൊരാളാണ്. മലബാർ സമരത്തിൽ വർഗീയത ദർശിച്ചവർ പോലും കുഞ്ഞഹ്മദ് ഹാജിയുടെ മേൽ വർഗീയത ആരോപിക്കാൻ ധൈര്യപ്പെടുകയുണ്ടായില്ലെന്നത് സമരത്തിലും ഭരണത്തിലും അദ്ദേഹം ഉയർത്തിപ്പിടിച്ച ഹിന്ദു-മുസ്‌ലിം സമഭാവനക്കുള്ള മികച്ച ദൃഷ്ടാന്തമാണ്.

വാരിയൻകുന്നത്ത് മൊയ്തീൻകുട്ടി ഹാജിയുടെയും തുവ്വൂരിലെ പൗര പ്രമുഖനായിരുന്ന പറവട്ടി ഉണ്ണി മമ്മദ് സാഹിബിന്റെ മകൾ കുഞ്ഞായിശുമ്മയുടെയും മകനായി 1866-ൽ നെല്ലിക്കുത്തിലാണ് കുഞ്ഞഹ്മദ് ഹാജിയുടെ ജനനം. സാമ്രാജ്യത്വ വിരുദ്ധ സമരപാരമ്പര്യമുള്ള കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. ഖിലാഫത്ത് സമര നേതാവായ ആലി മുസ്‌ലിയാരുമായി കുടുംബബന്ധമുണ്ടായിരുന്നു. 1894-ലെ മണ്ണാർക്കാട് ലഹളയിൽ പങ്കെടുത്തതിന്റെ പേരിൽ അന്തമാനിലേക്ക് നാടുകടത്തപ്പെട്ടവരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവും പിതൃസ്യാലനായ പുന്നക്കാടൻ ചേക്കുഹാജിയും ഉൾപ്പെട്ടിരുന്നു. വള്ളുവങ്ങാട് കുന്നുമ്മൽ പ്രൈമറി സ്കൂളിലെ പ്രാഥമിക പഠനത്തിനു ശേഷം ആലി മുസ്‌ലിയാരുടെ ഇളയ സഹോദരൻ എരിക്കുന്നൻ മമ്മദ്കുട്ടി മുസ്‌ലിയാരിൽനിന്ന് മതവിഷയങ്ങളും പഠിച്ചു. അനന്തരം ഉപജീവനത്തിനായി കൃഷിയിലേക്കും കച്ചവടത്തിലേക്കും തിരിഞ്ഞെങ്കിലും 1894-ലെ മണ്ണാർക്കാട് ലഹള അദ്ദേഹത്തിന്റെ ജീവിതം മറ്റൊരു വഴിയിലേക്ക് തിരിച്ചുവിട്ടു. പിതാവിനെ അന്തമാനിലേക്കു നാടുകടത്തിയത് ജന്മനാ അദ്ദേഹത്തിലുണ്ടായിരുന്ന സാമ്രാജ്യത്വ വിരോധം ഇരട്ടിപ്പിക്കാനും പരസ്യമായി സാമ്രാജ്യത്വ വിരുദ്ധ പ്രചാരണവുമായി രംഗത്തിറങ്ങാനും വലിയ പ്രചോദനമായിത്തീർന്നു. ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് നേതൃത്വം നൽകണമെന്നാവശ്യപ്പെട്ട് അദ്ദേഹം ചില പണ്ഡിതന്മാർക്കെഴുതിയ കത്തുകൾ അധികൃതരുടെ ശ്രദ്ധയിൽ പെട്ടതോടെ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനുള്ള നീക്കമുണ്ടായി. ഇത് മണത്തറിഞ്ഞ കുഞ്ഞഹ്മദ് ഹാജി വേഷപ്രച്ഛന്നനായി മക്കയിലേക്കു കടന്നു. മൂന്നു വർഷം അവിടെ താമസിച്ച് അറബി ഭാഷയിൽ നല്ല പരിജ്ഞാനം നേടി.

മലബാർ സമരത്തിന്റെ ആറോ ഏഴോ വർഷം മുമ്പാണ് അദ്ദേഹം മടങ്ങിയെത്തിയത്. ജന്മനാട്ടിൽ താമസിക്കാൻ ഗവൺമെന്റ് അനുവദിക്കാതിരുന്നതി

> **വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജിയുടെ രംഗപ്രവേശത്തോടെ ജനം അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചു. യാതൊരു നിയന്ത്രണവുമില്ലാതെ കൊള്ളയും കൊലയും നടത്തിയിരുന്ന മാപ്പിളമാരെ അദ്ദേഹം അച്ചടക്കമുള്ളവരാക്കി. ഹിന്ദുക്കൾക്കെതിരെ ആയിരുന്നില്ല അദ്ദേഹത്തിന്റെ പോരാട്ടം. മറിച്ച് ബ്രിട്ടീഷ് പട്ടാളത്തിനും അവരെ സഹായിക്കുന്ന ഹിന്ദു-മുസ്‌ലിം ജന്മിമാർക്കുമെതിരെയായിരുന്നു. ചേക്കുട്ടിയെ വധിച്ചതിന്റെയും കൊണ്ടോട്ടി തങ്ങന്മാരെ ആക്രമിച്ചതിന്റെയും കാരണവും മറ്റൊന്നല്ല. ഹിന്ദു-മുസ്‌ലിം സൗഹാർദമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്.**

നാൽ മൊറയൂർ അംശത്തിലെ പൊത്തുവെട്ടിപ്പാറയിലാണ് ആദ്യം താമസിച്ചത്. മലബാർ കലക്ടർ ഇന്നിസിനെ 1916–ൽ കരുവാരക്കുണ്ട് വെച്ച് പതിയിരുന്ന് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ കുഞ്ഞഹ്മദ് ഹാജി പ്രതിയാണെന്ന് ബ്രിട്ടീഷ് രേഖകളിൽ കാണുന്നു. അതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടെങ്കിലും സംശയത്തിന്റെ ആനുകൂല്യം നൽകി വിട്ടയച്ചു. കുറച്ചുകാലം പോത്തുവെട്ടിപ്പാറയിൽ താമസിച്ച ശേഷം ജന്മനാട്ടിലേക്ക് പോകാൻ സർക്കാർ അദ്ദേഹത്തിന് അനുവാദം നൽകി.

ഖിലാഫത്ത് പ്രസ്ഥാനം ശക്തിയാർജിച്ചപ്പോൾ കുഞ്ഞഹ്മദ് ഹാജി അതിന്റെ സജീവപ്രവർത്തകനായി. തുവ്വൂരിലെ ഖിലാഫത്ത് കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് കമ്മിറ്റിയിൽ അംഗത്വം നൽകിയത് എം.പി നാരായണമേനോൻ ആയിരുന്നുവെന്ന് പ്രഫ. എം.പി.എസ് മേനോൻ രേഖപ്പെടുത്തിയിട്ടുണ്ട് (*മലബാർ സമരം: എം.പി നാരായണമേനോനും സഹപ്രവർത്തകരും*). കുഞ്ഞഹ്മദ് ഹാജി ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നില്ലെന്ന് സ്ഥാപിക്കാൻ *മലബാർ കലാപം* എഴുതിയ കെ. മാധവൻ നായരെ പോലുള്ളവർ ശ്രമിച്ചതുകൊണ്ടാണ് എം.പി.എസ് മേനോൻ ഇത് എടുത്തുപറഞ്ഞത്. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചപ്പോൾ അദ്ദേഹം അതിൽ ഒരു പ്രധാന പ്രവർത്തകനായി ചേർന്നുവെന്നും ഏറനാട്ടിൽ പല കമ്മിറ്റികളും സ്ഥാപിച്ചുവെന്നും ദിവാൻ ബഹദൂർ സി. ഗോപാലൻ നായർ എഴുതിയ *മാപ്പിള ലഹള* എന്ന പുസ്തകം പ്രസ്താവിച്ചതായി മാധവൻ നായർ തന്നെ സമ്മതിക്കുന്നുണ്ട്. ആലി മുസ്‌ലിയാർ, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ, എം.പി നാരായണമേനോൻ തുടങ്ങിയവരായിരുന്നു ഖിലാഫത്ത് പ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളും സഹപ്രവർത്തകരും. ബന്ധുവും പണ്ഡിതനുമായ ആലി മുസ്‌ലിയാരെയാണ് അദ്ദേഹം നേതാവായി അംഗീകരിച്ചത്. നാട്ടിൽ ഹിന്ദു–മുസ്‌ലിം മൈത്രി വളർത്താൻ അദ്ദേഹം പരമാവധി പരിശ്രമിച്ചു.

1921 ആഗസ്റ്റിൽ തിരൂരങ്ങാടിയിൽ പട്ടാളം നടത്തിയ നരനായാട്ടിനു ശേഷമാണ് മലബാർ സമരത്തിൽ കുഞ്ഞഹ്മദ് ഹാജി പരസ്യമായി രംഗത്തുവരുന്നത്. ആനക്കയത്തുനിന്ന് 6,000–ത്തിലധികം ആയുധധാരികളായ അനുയായികളുമായി അദ്ദേഹം ആഗസ്റ്റ് 22–ന് തിരൂരങ്ങാടിയിലേക്ക് പുറപ്പെട്ടു. ബ്രിട്ടീഷ് പട്ടാളത്തിന്റെ ഭീഷണിയിലായ ആലി മുസ്‌ലിയാരെ രക്ഷിക്കുകയായിരുന്നു ഉദ്ദേശ്യം. അദ്ദേഹത്തിന്റെ സൈന്യത്തിൽ 500–ലധികം ആയുധപാണികളായ ഹിന്ദുക്കളുമുണ്ടായിരുന്നതായി സർദാർ ചന്ത്രോത്ത് ആത്മകഥയിൽ വിവരിക്കുന്നുണ്ട്: ‘കുറുതായി മെലിഞ്ഞ് കറുത്ത്, പല്ലുകൾ പലതും പോയി കവിളൊട്ടി താടിയിൽ കുറേശ്ശെ രോമം വളർത്തി, വെള്ള ഷർട്ടും വെള്ളകോട്ടും ധരിച്ച്, ചുവന്ന രോമത്തൊപ്പിയിട്ട് അതിനു ചുറ്റും വെള്ള ഉറുമാൽ കെട്ടി, കാലിൽ ചെരുപ്പും കൈയിൽ വാളുമായി മുമ്പിൽ നിൽക്കുന്ന ധീരത്വം സ്ഫുരിക്കുന്ന നേതാവിനെ കണ്ടപ്പോൾ അവിടെ കൂടിയിരുന്ന ജനഹൃദയം പടപടാ ഇടിച്ചു എന്നാണ് പറയുന്നത്. കാഴ്ചയിൽ അൽപം വിരൂപനെങ്കിലും അയാളുടെ കണ്ണുകൾക്ക് നല്ല ക്രാന്തശക്തിയുണ്ടായിരുന്നു. അതാണ് വാരിയംകുന്നത്ത് കുഞ്ഞഹ്മദ് ഹാജി’ (*ദേശാഭിമാനി* 1946 ആഗസ്റ്റ് 25. ഉദ്ധരണം, കേരള മുസ്‌ലിം ഡയറക്ടറി). അന്നത്തെ ഡപ്യൂട്ടി കലക്ടറും *മാപ്പിള ലഹള* എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ സി. ഗോപാലൻനായർ, ഹാജിയെക്കുറിച്ച് എഴുതുന്നു: ‘വാരിയംകുന്നത്ത് കുഞ്ഞഹ്മദ് ഹാജി ലഹളക്കാരുടെ പാരമ്പര്യമുള്ള ഒരു കുടുംബത്തിലെ ആളാണ്. മുമ്പൊരു ലഹളയിൽ സഹകരിച്ചതിന് പിതാവിനോടൊപ്പം കുട്ടിക്കാലത്ത് തന്നെ അയാളെ നാടുകടത്തുകയുണ്ടായി. ആറേഴ് കൊല്ലം മുമ്പ് തിരിച്ചെത്തിയപ്പോൾ സ്വന്തം ഗ്രാമത്തിൽ സ്ഥിരതാമസമാക്കാനയാളെ അനുവദിച്ചില്ല. എന്നാൽ കുറച്ചുകാലത്തിനു ശേഷം തന്റെ ഗ്രാമത്തിലെത്തി ഒരു വണ്ടിക്കാരനായി ജീവിതമാരംഭിക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആരംഭത്തോടെ അയാളതിൽ ചേരുകയും അതിന്റെ മുഖ്യ പ്രവർത്തകരിലൊരാളായിത്തീരുകയും സഭകൾ സംഘടിപ്പിക്കുകയും അങ്ങനെ ഏറനാട്ടിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മാർഗദർശിയായി മാറുകയും ചെയ്തു. കലാപം പൊട്ടിപ്പുറപ്പെട്ടതോടെ അയാൾ രാജാവായി. മാപ്പിള റിട്ടയേർഡ് ഇൻസ്പെക്ടറായ ഖാൻ ബഹാദൂർ ചേക്കുട്ടിയെ കൊലപ്പെടുത്തിക്കൊണ്ടാണയാൾ തന്റെ സ്ഥാനാരോഹണം നടത്തിയത്. ഹിന്ദുക്കളുടെ രാജാവും മുഹമ്മദീയരുടെ അമീറും ഖിലാഫത്ത് സേനയുടെ കേണലുമായി അയാൾ സ്വന്തം ചമഞ്ഞു. രോമത്തൊപ്പി, ഖിലാഫത്ത് യൂനിഫോമും ബാഡ്ജും, കൈയിൽ ഒരു വാൾ ഇതായിരുന്നു അയാളുടെ വേഷം. ഏറനാടും വള്ളുവനാടും ഉൾപ്പെടെ തന്റെ രാജ്യത്ത് അയാൾ പൂർണ സ്വരാജ് നടപ്പാക്കി. കൊള്ളയും കവർച്ചയും മൂലം രാജ്യനിവാസികൾക്ക് വലിയ കഷ്ടത നേരിട്ടതായി താൻ മനസ്സിലാക്കുന്നുവെന്നും അതിനാൽ ഇക്കൊല്ലം(1921) താൻ അവരുടെ മേൽ നികുതി ചുമത്തുന്നതല്ലെന്നും യുദ്ധഫണ്ടിലേക്ക് സംഭാവന വാങ്ങുന്നതും അടുത്തകൊല്ലം നികുതി ഈടാക്കുന്നതുമാണെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. തന്റെ രാജ്യാതിർത്തിവിട്ട് പുറത്തുപോകാനാഗ്രഹിക്കുന്നവർക്ക് അദ്ദേഹം പാസ്പോർട്ട് നൽകി’ (*മാപ്പിള ലഹള* പേ. 76, 78; ഉദ്ധരണം *കേരള മുസ്‌ലിം ഡയറക്ടറി*).

കുഞ്ഞഹ്മദ് ഹാജിയുടെ നേതൃത്വത്തിൽ ആനക്കയത്തുനിന്ന് പുറപ്പെട്ട സംഘം പാണ്ടിക്കാട് പോലീസ് സ്റ്റേഷൻ ആക്രമിച്ചു. സ്റ്റേഷനിലെ പോലീസുകാർ ഓടി രക്ഷപ്പെട്ടു. ഹാജിയും കൂട്ടരും സ്റ്റേഷനിലെ തോക്കുകളും മറ്റും കൈവശപ്പെടുത്തി. മഞ്ചേരിയിൽ കൊള്ള നടക്കുന്നുവെന്ന് കേട്ട് അത് തടയാനായി ഹാജിയുടെ സംഘം അങ്ങോട്ട് നീങ്ങി. കോൺഗ്രസ് നേതാക്കളായി കെ. മാധവൻ നായർ, കെ. കേശവൻ നായർ തുടങ്ങിയവരുമായി സംഭാഷണം നടത്തി.

ഹാജിയുടെ രംഗപ്രവേശത്തോടെ ജനം അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചു. യാതൊരു നിയന്ത്രണവുമില്ലാതെ കൊള്ളയും കൊലയും നടത്തിയിരുന്ന മാപ്പിളമാരെ അദ്ദേഹം അച്ചടക്കമുള്ളവരാക്കി. ഹിന്ദുക്കൾക്കെതിരെ ആയിരുന്നില്ല അദ്ദേഹത്തിന്റെ പോരാട്ടം. മറിച്ച് ബ്രിട്ടീഷ് പട്ടാളത്തിനും അവരെ സഹായിക്കുന്ന ഹിന്ദു–മുസ്‌ലിം ജന്മിമാർക്കുമെതിരെയായിരുന്നു. ചേക്കുട്ടിയെ വധിച്ചതിന്റെയും കൊണ്ടോട്ടി തങ്ങന്മാരെ ആക്രമിച്ചതിന്റെയും കാരണവും മറ്റൊന്നല്ല. ഹിന്ദു–മുസ്‌ലിം സൗഹാർദമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്.

കേരളത്തിലെ കോൺഗ്രസിന്റെ ആധികാരിക ചരിത്രകാരനായ എ.കെ പിള്ള എഴുതുന്നു: ‘കുഞ്ഞഹ്മദ് ഹാജി ലഹളക്കാരുടെ നേതൃത്വം സ്വീകരിച്ചതോടുകൂടി ലഹളയുടെ ഉദ്ദേശ്യം കുറേക്കൂടി വിപുലമായിത്തീർന്നു. അരാജകത്വ സ്ഥിതി കഴിയുന്നതും വരാതെ എല്ലാം ക്രമമായും ചില മുറകളനുസരിച്ചും പോകണമെന്ന് കുഞ്ഞഹ്മദ് ഹാജിക്ക് അഭിപ്രായമുണ്ടായിരുന്നു. അയാൾ തന്റെ അനുയായികളുടെ ഇടയിൽ ചില നിയമങ്ങളെല്ലാം

ഏർപ്പെടുത്തി. അതിൽനിന്ന് തെറ്റി നടക്കുന്നവരെ കഠിനമായി ശിക്ഷിച്ചു. അയാളുടെ കൽപനകളിൽ ഒന്ന് ഹിന്ദുക്കളെ ഉപദ്രവിച്ചു പോകരുതെന്നും തന്റെ പ്രത്യേക അനുമതിയോടുകൂടിയല്ലാതെ എതിർപക്ഷത്തുനിന്ന് തടവുകാരായി പിടിക്കുന്ന യാതൊരാളെയും വധിച്ചുപോകരുതെന്നും ഉള്ളതായിരുന്നു. സാമാന്യ ജനങ്ങളെ ശല്യപ്പെടുത്തുകയോ വീടുകളോ പീടികകളോ കൊള്ളചെയ്യുകയോ ചെയ്യുന്നവരെ കുഞ്ഞഹ്മദ് ഹാജിയുടെ വരുതിയിൽ വിചാരണ ചെയ്ത് തക്ക ശിക്ഷ നൽകിവന്നു. മുകളിൽ പ്രസ്താവിച്ച പ്രകാരം ആഗസ്റ്റ് 25-ന് മഞ്ചേരിയിലെ നമ്പൂതിരി ബാങ്ക് കൈയേറി അതിലുണ്ടായിരുന്ന പണങ്ങൾ അതിന്റെ ഉടമസ്ഥന്മാരെ വരുത്തി തിരിച്ചുകൊടുത്തത് കുഞ്ഞഹ്മദ് ഹാജിയുടെ ആദ്യ പ്രവൃത്തികളിൽ ഒന്നായിരുന്നു. അന്നേദിവസം മഞ്ചേരി നാൽക്കവലയിൽ വെച്ച് ചെയ്ത പ്രഖ്യാപനത്തിൽ ഹിന്ദുക്കൾക്ക് യാതൊരു ഉപദ്രവവും ഉണ്ടാക്കുന്നതല്ലെന്നും ഉറപ്പു നൽകിയിരിക്കുന്നു.' (*കോൺഗ്രസ്സും കേരളവും*- പേ. 446-447).

കുഞ്ഞഹ്മദ് ഹാജിയും സംഘവും മഞ്ചേരിയിൽ താമസിക്കുമ്പോൾ ഏതാനും കൊള്ളക്കാർ പുല്ലൂർ നമ്പൂതിരിപ്പാട് നടത്തിവന്നിരുന്ന ബാങ്ക് കൊള്ള ചെയ്യാൻ തുനിഞ്ഞു. അതിനെതിരെ ഹാജി സ്വീകരിച്ച സമീപനം *മലബാർ കലാപം* എഴുതിയ കെ. മാധവൻനായർ വിവരിക്കുന്നത് കാണുക: 'കുഞ്ഞഹ്മദ് ഹാജി അന്നു(അഗസ്റ്റ് 25-ന്) തന്നെ മഞ്ചേരിയിൽ താമസിച്ചു. അയാൾ മഞ്ചേരിയിൽ താമസിക്കുന്നത് അവിടത്തെ മാപ്പിളമാരിൽ പലർക്കും ഒട്ടുംതന്നെ ഇഷ്ടമായിരുന്നില്ല. അവിടെ പുല്ലൂർ നമ്പൂതിരിയുടെ വക ഒരു ബാങ്ക് ഉണ്ടായിരുന്നു. ആ ബാങ്ക് കൊള്ള ചെയ്യാൻ അവർ എല്ലാ ഏർപ്പാടുകളും ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് കുഞ്ഞഹ്മദ് ഹാജി അവിടെ വന്നിരുന്നത്. ഹാജി ഈ വർത്തമാനം അറിഞ്ഞു ബാങ്ക് കാക്കുവാൻ തന്റെ സ്വന്തം ഭടന്മാരെ കാവൽക്കാരായി നിർത്തി. പണ്ടത്തിന്റെ ഉടമസ്ഥന്മാർ ലക്ഷ്യത്തോടുകൂടി വന്ന് ചോദിക്കുന്നപക്ഷം പണ്ടം മടക്കിക്കൊടുക്കുന്നതാണെന്ന് വിളംബരം ചെയ്തു. പല ഹിന്ദുക്കളും മാപ്പിളമാരും അവിടെ ചെന്ന് പണ്ടങ്ങൾ മടക്കിവാങ്ങിക്കൊണ്ടുപോയി. ബാങ്കിലെ ഉടമസ്ഥൻ വാസുദേവൻ നമ്പൂതിരി ലഹള തുടങ്ങിയപ്പോൾ തന്നെ ഓടി ഒളിച്ചിരുന്നു. 25-ാം തീയതി ഉച്ചതിരിയുന്നതു വരെ ഇങ്ങനെ പണ്ടം മടക്കിക്കൊടുത്തിരുന്നു.' (*മലബാർ കലാപം* പേ. 172)

കുഞ്ഞഹ്മദ് ഹാജി ഇംഗ്ലീഷുകാരുടെ ഓഫീസുകൾ ചുടാൻ കൽപിച്ചു. മഞ്ചേരിയിലെ പോലീസ് സ്റ്റേഷനും രജിസ്ട്രാപ്പീസും കൊള്ളിവെച്ച് നശിപ്പിച്ചു. ഖജാന പൊളിച്ചു. പുല്ലൂർ നമ്പൂതിരിക്കുണ്ടായ നഷ്ടം ഖജാന പൊളിച്ചപ്പോൾ കിട്ടിയ പണംകൊണ്ട് കുഞ്ഞഹ്മദ് ഹാജി നികത്തിക്കൊടുത്തു. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് അതിനെക്കുറിച്ച് എഴുതുന്നു: 'മഞ്ചേരിയിൽ അടുത്ത ദിവസം ചില സംഭവങ്ങളൊക്കെ നടന്നു. പുല്ലൂരുടെ ബാങ്ക് കൊള്ളക്കാർ കവർച്ച ചെയ്തു. പണയപ്പണ്ടങ്ങൾ എടുത്തുകൊണ്ടുപോയി. ജനാബ് കുഞ്ഞഹ്മദ് ഹാജി അതെല്ലാം മടക്കി കൊടുപ്പിച്ചു. ഖജാനയിൽ നിന്നുകിട്ടിയ സംഖ്യയിൽനിന്ന് പുല്ലൂരിന് നഷ്ടപരിഹാരം കൊടുത്തു.' (*ഖിലാഫത്ത് സ്മരണകൾ* പേ. 54)

1921 ആഗസ്റ്റ് 29-നാണ് കുഞ്ഞഹ്മദ് ഹാജിയും സംഘവും റിട്ടയേർഡ് ഇൻസ്പെക്ടർ ചേക്കുട്ടിയെ കൊലപ്പെടുത്തിയത്. 1894-ലും 1897-ലും നടന്ന മാപ്പിളമാരുടെ സായുധ സമരകാലത്ത് ഇൻസ്പെക്ടറായിരുന്ന ചേക്കുട്ടി ആ സമരത്തിൽ പങ്കെടുത്ത വാരിയൻകുന്നത്തിന്റെ കുടുംബത്തെ ക്രൂരമായി മർദിച്ചിരുന്നുവത്രെ. അതിനു പ്രതികാരമായിട്ടാണ് പെൻഷൻ പറ്റി വീട്ടിൽ കഴിയുകയായിരുന്ന ചേക്കുട്ടിയെ കൊലപ്പെടുത്തിയത്.

1921 ആഗസ്റ്റ് 25-നാണ് പ്രസിദ്ധമായ പൂക്കോട്ടൂർ യുദ്ധം നടന്നത്. ഈ വാർത്ത കേട്ട ഉടനെ കുഞ്ഞഹ്മദ് ഹാജിയും അനുയായികളും മഞ്ചേരിയിൽനിന്ന് പൂക്കോട്ടൂരിലേക്ക് കുതിച്ചു. അവർ എത്തിയപ്പോഴേക്ക് യുദ്ധം കഴിഞ്ഞ്, പട്ടാളക്കാർ തിരിച്ചുപോയിരുന്നു. ഹാജിയും കൂട്ടരും നാട്ടുകാരെ ആശ്വസിപ്പിച്ച് കുറച്ചുകാലം അവിടെ താമസിച്ചു. പൂക്കോട്ടൂരിൽ തമ്പടിച്ച കുഞ്ഞഹ്മദ് ഹാജിയും സംഘവും തന്നെ ആക്രമിക്കുമോ എന്ന് ഭയന്ന ഇംഗ്ലീഷ് പക്ഷപാതിയായ കൊണ്ടോട്ടി തങ്ങൾ അവരിൽനിന്ന് രക്ഷിക്കണമെന്നാവശ്യപ്പെട്ട് ഇംഗ്ലീഷ് പട്ടാള കമാന്റർക്ക് കത്തയച്ചിരുന്നു. വിവരം അറിഞ്ഞ ഹാജിയും സംഘവും പൂക്കോട്ടൂരിൽനിന്ന് മഞ്ചേരിയിലേക്കും അവിടെനിന്ന് നിലമ്പൂർ വഴി അരീക്കോട്ടും എത്തിച്ചേർന്നു. അരീക്കോട്ടുനിന്ന് 1921 ഒക്ടോബർ 28-ന് സായുധരായ യോദ്ധാക്കളോടൊപ്പം അദ്ദേഹം കൊണ്ടോട്ടിയിലേക്കു തിരിച്ചു. വഴിയിൽ വെച്ച് ഒട്ടേറെ മതപണ്ഡിതന്മാരും മുസ്‌ലിം യുവാക്കളും സംഘത്തോടൊപ്പം ചേർന്നു. കൊണ്ടോട്ടിയിലെത്തിയ സംഘം പോലീസ് സ്റ്റേഷൻ അടിച്ചു തകർത്തു. രജിസ്ട്രാർ ഓഫീസ് കത്തിച്ചു. ഹാജിയും സംഘവും കൊണ്ടോട്ടി ഖുബ്ബ ലക്ഷ്യമാക്കി നീങ്ങി. ഖുബ്ബയിലുണ്ടായിരുന്ന ഹസൻ കുട്ടിമൊല്ല നഗാറ അടിക്കാൻ തുടങ്ങി. സഹായത്തിനായി ആളുകളെ കൂട്ടാനായിരുന്നു നഗാറ. നഗാറ അടിക്കരുതെന്ന കൽപന ധിക്കരിച്ച മൊല്ലയെ സംഘത്തിലെ ആരോ വെടിവെച്ചു കൊന്നു. ഹാജിയും കൂട്ടരും ഖുബ്ബയിലേക്ക് വരുന്നതു കണ്ടപ്പോൾ നസ്റുദ്ദീൻ തങ്ങൾ, അദ്ദേഹത്തിന്റെ കാര്യസ്ഥൻ ചേലേമ്പ്ര കോയ ഹസൻ കോയ അധികാരി, അത്തറക്കാട്ട് കുട്ട്യസൻ തുടങ്ങിയവർ ഇരട്ടക്കുഴൽ തോക്കെടുത്ത് അലക്ഷ്യമായി വെടിവക്കാൻ തുടങ്ങി. ഈ വെടികളിയിലൊന്ന് കൊണ്ട് ഹാജിയുടെ സംഘത്തിലെ കമ്മു കൊല്ലപ്പെട്ടു. നിരന്തരമായി വെടിയൊച്ച കേട്ടപ്പോൾ വെള്ളപ്പട്ടാളം ഒളിഞ്ഞുനിന്ന് വെടിവെക്കുകയാണെന്ന് ഹാജിയും സംഘവും തെറ്റിദ്ധരിച്ചു. അതോടെ അവർ എങ്ങനെയോ അവിടെനിന്ന് ഓടി രക്ഷപ്പെട്ടു.

കൊണ്ടോട്ടി തങ്ങളുടെ ആയുധങ്ങൾ പിടിച്ചെടുത്ത് കോഴിക്കോട്ടെ ഹജ്ജൂർ കീഴ്പ്പെടുത്തുകയായിരുന്നു കുഞ്ഞഹ്മദ് ഹാജിയുടെ ഉദ്ദേശ്യമെന്ന് ചില രേഖകളിൽ കാണുന്നു. ഇത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഹാജിയും കൂട്ടരും ഹജ്ജൂർ ആക്രമണത്തിന് വരുന്നുവെന്ന കിംവദന്തി കോഴിക്കോട്ട് പ്രചരിച്ചിരുന്നു.

കൊണ്ടോട്ടിയിൽനിന്ന് രക്ഷപ്പെട്ട ഹാജിയും അനുയായികളും അരീക്കോട്ട് തിരിച്ചെത്തി. അവിടെനിന്ന് സഖാക്കളെ സംഘടിപ്പിച്ച് വീണ്ടും നിലമ്പൂരിലേക്ക് പോയി. പിന്നീട് നിലമ്പൂരായിരുന്നു അദ്ദേഹത്തിന്റെ ഖിലാഫത്ത് ഭരണത്തിന്റെ കേന്ദ്രം.

തന്റെ അധീനതയിലുള്ള പ്രദേശങ്ങൾ അദ്ദേഹം പലർക്കായി വിഭജിച്ചു നൽകിയിരുന്നു. നിലമ്പൂർ പുഴയുടെ വടക്കു ഭാഗങ്ങളുടെ ഭരണച്ചുമതല കിട്ടിയത് സഹോദരൻ മൊയ്തീൻകുട്ടി ഹാജിക്കാണ്. ചുങ്കത്തറയും ചുറ്റുമുള്ള സ്ഥലങ്ങളും പിതൃവ്യപുത്രനായ വാരിയൻ കുന്നത്ത് കുഞ്ഞുട്ടി ഹാജി ഭരിച്ചു. എടക്കരയും പരിസരപ്രദേശങ്ങളും ചക്കുംപുറത്ത് ആലിക്കുട്ടി നിയന്ത്രിച്ചു. കുറ്റമ്പാറയും പരിസരപ്രദേശങ്ങളും ഉണ്ണിത്തറിയാണ് സംരക്ഷിച്ചിരുന്നത്. കരുവാരക്കുണ്ട്, കാളികാവ് പ്രദേശങ്ങൾ കുഞ്ഞഹ്മദ് ഹാജിയുടെ മാതുലൻ കോയാമുഹാജിയുടെ നിയന്ത്രണത്തിലായിരുന്നു. നീതി നിർവഹണത്തിൽ അവർ ഹാജിയുടെ

കൽപനകൾ പൂർണമായും നടപ്പിൽവരുത്തി. സെപ്റ്റംബർ 20-ന് വെള്ളിനേഴിക്കടുത്തു വെച്ച് അദ്ദേഹം മാപ്പിള നേതാക്കന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. അതിൽ എടുത്ത തീരുമാനങ്ങൾ ഇവയാണ്:

1. 16 വയസ്സിനു താഴെയുള്ളവരെ സംഘങ്ങളിൽനിന്ന് പിരിച്ചുവിടണം. അനാവശ്യമായി വെടിവെച്ച് ഉണ്ടകൾ നശിപ്പിക്കരുത്. ഓരോ സ്ഥലവും സംരക്ഷിക്കാനായി സ്കൗട്ടുകൾ ഏർപ്പാടു ചെയ്യണം. എല്ലാ പ്രധാന റോഡുകളിലും പാറാവ് നടപ്പാക്കണം.

2. സമരഭടന്മാരുടെ ആവശ്യത്തിനായി ധാന്യം, മറ്റു ഭക്ഷണ സാമഗ്രികൾ എന്നിവ സംഭരിക്കണം. ഇതിനായി പണക്കാരായ ഹിന്ദു ജന്മികളെ സമീപിക്കണം.

ഹിന്ദു പ്രജകളുടെ ആക്ഷേപങ്ങളെ കുഞ്ഞഹ്മദ് ഹാജി തന്റെ കോടതിയിൽ വിചാരണ ചെയ്തു. കൊള്ളചെയ്ത മുതൽ ഖിലാഫത്ത് ഗവൺമെന്റിലേക്ക് കണ്ടുകെട്ടി. ഹിന്ദുക്കളും മുസ്‌ലിംകളും ഒരുപോലെ തന്റെ പ്രജകളാണെന്നും അതിനാൽ അവരെ രക്ഷിക്കേണ്ടത് തന്റെ കടമയാണെന്നും അദ്ദേഹം കരുതി. ഈ നിലപാട് 1921-ൽ *ഹിന്ദു* പത്രത്തിലേക്ക് അദ്ദേഹം അയച്ച ഒരു കത്തിൽനിന്ന് മനസ്സിലാക്കാം.

പന്തളം
7.10.1921

ബഹുമാനപ്പെട്ട പത്രാധിപർക്ക്,

ഈ കത്ത് നിങ്ങളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മലബാറിൽ ഹിന്ദു-മുസ്‌ലിം ഐക്യം തീരെ നശിച്ചതായാണ് പത്രങ്ങൾ വിവരിക്കുന്നത്. എന്റെ ആൾക്കാർ ഹിന്ദുക്കളെ നിർബന്ധിച്ച് മതപരിവർത്തനത്തിന് വിധേയമാക്കുന്നു എന്ന റിപ്പോർട്ട് അസത്യമാണ്. പോലീസ് ചാരന്മാർ സാധാരണ ജനങ്ങളുടെ ഇടയിൽ ഇത്തരം ഹീനകൃത്യങ്ങൾ നടത്തി എനിക്ക് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിക്കുകയാണ് എന്നതാണ് വാസ്തവം. ഗവൺമെന്റിനെ സഹായിക്കുന്ന ചില ഹിന്ദുക്കളെ എന്റെ ആൾക്കാർ ഉപദ്രവിച്ചിരിക്കാം. നിലമ്പൂർ ആറാം തമ്പുരാനും നിങ്ങളുടെ പത്രത്തിൽ പറഞ്ഞ നമ്പൂതിരിയുമാണ് ഈ കലാപത്തിന്റെ തുടക്കത്തിന്റെ കാരണക്കാർ. അവർക്ക് കുറച്ച് ഉപദ്രവങ്ങൾ സഹിക്കേണ്ടിവന്നു എന്നത് അദ്ഭുതമല്ലല്ലോ. പാവപ്പെട്ട ഹിന്ദുക്കളെ പട്ടാള കമാന്റർ വീടുകളിൽനിന്ന് ആട്ടിപ്പായിച്ച് പട്ടാള ക്യാമ്പിലേക്ക് അയക്കുകയാണ്. നിർദോഷികളായ സ്ത്രീകളെയും കുട്ടികളെയും യുദ്ധസ്ഥലങ്ങളിൽനിന്ന് വിട്ടുനിൽക്കാനും അവർ സമ്മതിക്കുന്നില്ല.

**ഹിന്ദുക്കളെ നിർബന്ധിച്ച് പട്ടാള പ്രവർത്തനങ്ങളിൽ ചേർക്കുകയാണ്. അതിൽനിന്ന് ഒഴിയാനായി വളരെയധികം ഹിന്ദുക്കൾ എന്റെ ഈ കുന്നിൽ വന്ന് അഭയം പ്രാപിച്ചിരിക്കുകയാണ്. വളരെയധികം മാപ്പിളമാരും ഇവിടെ വന്നിട്ടുണ്ട്. നിർദോഷികളായ മനുഷ്യരെ ദ്രോഹിക്കുക എന്നതിൽ കവിഞ്ഞ് മറ്റൊന്നും ചെയ്യാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. 40 മാസമായി അവർ മലബാറിലെ ജനങ്ങളെ വേട്ടയാടുകയാണ്. ഇക്കാര്യം ലോകത്തുള്ള എല്ലാവരും അറിയട്ടെ. മഹാത്മാഗാന്ധി അറിയട്ടെ. മൗലാനാ അറിയട്ടെ. ഈ കത്ത് പ്രസിദ്ധം ചെയ്തില്ലെങ്കിൽ അതിനുള്ള വിശദീകരണം നിങ്ങളോട് ഞാൻ ചോദിക്കുന്നതാണ്**

ഹിന്ദുക്കളെ നിർബന്ധിച്ച് പട്ടാള പ്രവർത്തനങ്ങളിൽ ചേർക്കുകയാണ്. അതിൽനിന്ന് ഒഴിയാനായി വളരെയധികം ഹിന്ദുക്കൾ എന്റെ ഈ കുന്നിൽ വന്ന് അഭയം പ്രാപിച്ചിരിക്കുകയാണ്. വളരെയധികം മാപ്പിളമാരും ഇവിടെ വന്നിട്ടുണ്ട്. നിർദോഷികളായ മനുഷ്യരെ ദ്രോഹിക്കുക എന്നതിൽ കവിഞ്ഞ് മറ്റൊന്നും ചെയ്യാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. 40 മാസമായി അവർ മലബാറിലെ ജനങ്ങളെ വേട്ടയാടുകയാണ്. ഇക്കാര്യം ലോകത്തുള്ള എല്ലാവരും അറിയട്ടെ. മഹാത്മാ ഗാന്ധി അറിയട്ടെ. മൗലാനാ അറിയട്ടെ.

ഈ കത്ത് പ്രസിദ്ധം ചെയ്തില്ലെങ്കിൽ അതിനുള്ള വിശദീകരണം നിങ്ങളോട് ഞാൻ ചോദിക്കുന്നതാണ് (ഉദ്ധരണം: *മലബാർ സമരം എം.പി നാരായണമേനോനും സഹപ്രവർത്തകരും*). വാരിയംകുന്നത്ത് കുഞ്ഞഹ്മദ് ഹാജി യുദ്ധഫണ്ടിലേക്കാവശ്യമായ ധനശേഖരണത്തിനായി പാസ്പോർട്ട് നൽകുക, പണക്കാർക്ക് സെക്യൂരിറ്റി കൊടുത്ത് വേതനം വാങ്ങുക തുടങ്ങിയ സമ്പ്രദായങ്ങൾ ഏർപ്പെടുത്തി. പ്രജകളിൽനിന്ന് നികുതിയും അദ്ദേഹം വസൂലാക്കി. തന്റെ രാജ്യത്തിന്റെ അതിർത്തികളിൽ ഗാർഡുകളെ നിയമിക്കുകയും ഈ പ്രദേശങ്ങൾക്കിടയിലെ ഗതാഗതം നിയന്ത്രിക്കുകയും ചെയ്തു. കുഞ്ഞഹ്മദ് ഹാജിയുടെ പാസ്പോർട്ടുമായി കോഴിക്കോട്ടെത്തിയ ഒരു നായരെ *മദ്രാസ് മെയിലി*ന്റെ റിപ്പോർട്ടർ ഇന്റർവ്യൂ ചെയ്തിരുന്നു. ബ്രിട്ടീഷുകാരുടെ കീഴിലിരുന്ന് കോഴിക്കോട്ടേക്ക് പോകുന്നത് ഉചിതമല്ലെന്നും നിലമ്പൂരിൽ തന്റെ ഗവൺമെന്റിന്റെ സുരക്ഷയിൽ കഴിയുന്നതാണുചിതമെന്നും കുഞ്ഞഹ്മദ് ഹാജി തന്നെ ഉപദേശിച്ചതായി അയാൾ ലേഖകനോട് പറഞ്ഞു (*മദ്രാസ് മെയിൽ* – 17 സെപ്റ്റംബർ 1921 ; ഉദ്ധരണം– *മലബാർ സമരം: എം.പി നാരായണമേനോനും സഹപ്രവർത്തകരും*).

ബ്രിട്ടീഷ് സർക്കാറിൽ നികുതി അടച്ചിരുന്ന ജന്മിമാരോട് അവർ അടച്ചിരുന്ന തുക ഖിലാഫത്ത് സർക്കാറിൽ അടക്കാൻ അദ്ദേഹം ഉത്തരവിട്ടു. ഗവൺമെന്റ് ഓഫീസുകളിൽനിന്ന് നികുതി റിക്കാർഡുകളും അദ്ദേഹം കൈവശപ്പെടുത്തിയിരുന്നു.

തടവുകാരായി പിടിച്ചവരെ വിചാരണ ചെയ്യാനായി പട്ടാള നിയമകോടതികൾ കുഞ്ഞഹ്മദ് ഹാജി സ്ഥാപിച്ചു. ജനങ്ങളുടെ പരാതികളും ഈ കോടതികൾ കൈകാര്യം ചെയ്തു. പല ഹിന്ദുക്കളും നീതി ലഭിക്കാനായി ഈ കോടതികളെ സമീപിച്ചിരുന്നു. ഹാജിയുടെ സംഘത്തിലെ മൂന്നുപേരെ ഈ കോടതി വധശിക്ഷക്ക് വിധിച്ചതായി രേഖകളുണ്ട്. ഹിന്ദു സ്ത്രീകളെ മാനഭംഗപ്പെടുത്തി എന്നതായിരുന്നു കുറ്റം. റോഡ്, കടവുകൾ എന്നിവയിലും ചുങ്കം പിരിക്കാൻ ഏർപ്പാടുകളുണ്ടാക്കി. വയനാട്ടിൽനിന്നു കാപ്പി, കുരുമുളക് എന്നിവ തമിഴ്നാട്ടിലേക്കയക്കണമെങ്കിൽ ചുങ്കം കൊടുക്കണം എന്ന നിയമം കൊണ്ടുവന്നു. മാപ്പിളമാരോടൊപ്പം ഹിന്ദുക്കളെയും സമരത്തിൽ ചേർക്കാൻ ശ്രമം നടത്തി. കരുവാന്മാരോട് വാളുകൾ, കുന്തങ്ങൾ എന്നിവ ഉണ്ടാക്കാൻ ഉത്തരവിട്ടു. സമരഭടന്മാരുടെ രജിസ്റ്ററുകൾ ഉണ്ടാക്കി. അവരുടെ ദൈനംദിന പ്രവർത്തനങ്ങളെപ്പറ്റി റിക്കാർഡുകൾ സൂക്ഷിക്കുകയും ചെയ്തു. ആയുധങ്ങൾ നൽകുമ്പോഴും തിരിച്ചുവാങ്ങുമ്പോഴും രശീതി

കൊടുക്കുന്ന സമ്പ്രദായം നടപ്പിലാക്കി. ബ്രിട്ടീഷ് പട്ടാളത്തിൽനിന്ന് പകർത്തിയ സിഗ്നൽ സിസ്റ്റം ഉപയോഗിച്ച് പട്ടാളക്കാരുടെ ചലനങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്തു. പട്ടാളത്തിൽനിന്ന് പിരിഞ്ഞ മാപ്പിളമാരെ ഇതിനായി ഉപയോഗപ്പെടുത്തി. ബ്രിട്ടീഷുകാരുടെ അധികാര ചിഹ്നങ്ങൾ തന്നെയാണ് ഹാജിയും ഉപയോഗിച്ചത്. കലക്ടർ, ഗവർണർ, വൈസ്രോയി, രാജാവ് എന്നിങ്ങനെയായിരുന്നു സ്ഥാനപ്പേരുകൾ. വാർത്താവിനിമയ രീതിയും കാലാൾപ്പടയുടെ കൽപനാരീതികളും അവരിൽനിന്ന് മനസ്സിലാക്കിയതാണ്.

വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിൽ ബ്രിട്ടീഷുകാർ അടിച്ചമർത്തൽ ശക്തമാക്കിയപ്പോൾ കുഞ്ഞഹ്മദ് ഹാജിയും സംഘവും ഗറില്ലാ യുദ്ധം പരീക്ഷിച്ചു. ഇത് ബ്രിട്ടീഷുകാർക്ക് വമ്പിച്ച പ്രയാസമുണ്ടാക്കി. 400 പേരടങ്ങുന്ന കുഞ്ഞഹ്മദ് ഹാജിയുടെ സംഘം പാണ്ടിക്കാട്ടെ ഒരു ഖൂർഖാ ക്യാമ്പ് ആക്രമിച്ച് ഒരൊറ്റ രാത്രിയിൽ 75 ഖൂർഖകളെ കൊന്നൊടുക്കി. ഇതിന് പ്രതികാരമായി ഖൂർഖകളും കാച്ചിനകളും ചേർന്ന് മാപ്പിളമാരുടെ വീടുകൾ കൈയേറി. നിരപരാധികളായ പുരുഷന്മാരെ ബയണറ്റുകൊണ്ട് കുത്തിക്കൊന്നു. മാപ്പിള സ്ത്രീകളെ അപമാനിച്ചശേഷം വെട്ടിക്കൊന്നു. ആലി മുസ്‌ലിയാരുടെയും കുഞ്ഞഹ്മദ് ഹാജിയുടെയും നെല്ലിക്കുത്തുള്ള വീടുകൾ കൈബോംബ് ഉപയോഗിച്ച് തകർത്തു. പാണ്ടിക്കാട്ടെ പട്ടാള ക്യാമ്പ് ആക്രമിക്കാൻ ചെമ്പ്രശ്ശേരി തങ്ങളുമായി ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തത് കുഞ്ഞഹ്മദ് ഹാജിയായിരുന്നു. ഈ സംഘട്ടനത്തിൽ 230 മാപ്പിളമാരും നാല് പട്ടാളക്കാരും കൊല്ലപ്പെട്ടു. തുടർന്ന് കല്ലാമൂലയിൽ വെച്ച് അടുത്ത ഏറ്റുമുട്ടലിൽ കുഞ്ഞഹ്മദ് ഹാജിയുടെ സൈന്യത്തിലെ 35 പേർ കൊല്ലപ്പെട്ടു. ഈ പരാജയത്തിനു ശേഷവും കുഞ്ഞഹ്മദ് ഹാജിയും കൂട്ടരും ഗൂഡല്ലൂർ പോലീസ് ട്രെയ്നിംഗ് ക്യാമ്പ് ആക്രമിച്ച് ഒട്ടേറെ പോലീസുകാരെ വകവരുത്തി. തുടർന്ന് സർവേ ഓഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് എന്നിവയും പിടിച്ചടക്കി. പട്ടാളം രംഗത്തെത്തിയതോടെ അദ്ദേഹം തന്റെ സ്ഥിരം ആസ്ഥാനമായ കല്ലാമൂലയിലേക്ക് പോയി. ഇതിനിടയിൽ ചെമ്പ്രശ്ശേരി തങ്ങളും സംഘവും പോലീസിന് കീഴടങ്ങിയ വിവരം അദ്ദേഹം അറിഞ്ഞു. അദ്ദേഹത്തിന്റെ സംഘത്തിലെ പലരും പോലീസിനു കീഴടങ്ങി. ചെറുത്തുനിൽപ് അസാധ്യമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവസാനം വരെ പൊരുതി മരിക്കണമെന്നായിരുന്നു കുഞ്ഞഹ്മദ് ഹാജിയുടെ മോഹം. പക്ഷേ, പട്ടാളം അദ്ദേഹത്തെ ചതിയിൽ കീഴ്പ്പെടുത്തുകയായിരുന്നു. ആയുധംവെച്ച് കീഴടങ്ങിയാൽ ശിക്ഷയിൽനിന്ന് ഒഴിവാക്കാമെന്ന് ദൂതന്മാർ മുഖേന അധികാരികൾ അദ്ദേഹത്തെ അറിയിച്ചു. ഹാജിയുമായി അടുപ്പമുണ്ടായിരുന്ന ഇൻസ്പെക്ടർ രാമനാഥ അയ്യരും സുബേദാർ കൃഷ്ണപ്പണിക്കരും കോൺസ്റ്റബിൾ ഗോപാലമേനോനും അദ്ദേഹത്തിന് സുരക്ഷിതത്വം വാഗ്ദാനം ചെയ്തിരുന്നു. മക്കയിലേക്ക് നാടുകടത്താനാണ് തീരുമാനമെന്നും മറ്റൊരു ശിക്ഷയും നൽകുകയില്ലെന്നും ഇവർ വഴി ഉറപ്പുകിട്ടിയപ്പോൾ 1922 ജനുവരി ആറിന് കുഞ്ഞഹ്മദ് ഹാജിയും അംഗരക്ഷകരായ 20 പേരും മുൻനിശ്ചയപ്രകാരം അവരുടെ താവളത്തിലെത്തി പോലീസ് സംഘത്തിനു മുമ്പാകെ കീഴടങ്ങുകയാണുണ്ടായത്. ആയുധം താഴെവെച്ച് അദ്ദേഹം ഹസ്തദാനത്തിനായി കൈനീട്ടിയപ്പോൾ പോലീസ് മുൻതീരുമാനത്തിനു വിരുദ്ധമായി കൈയിൽ വിലങ്ങ് വെക്കുകയായിരുന്നു. കല്ലാമൂലയിൽ വെച്ചായിരുന്നു ഈ സംഭവം. കുഞ്ഞഹ്മദ് ഹാജിയെയും ചേക്കുട്ടി ഉൾപ്പെടെയുള്ള സംഘത്തിലെ പ്രധാനികളെയും അവിടെനിന്ന് മഞ്ചേരിയിലേക്കു കൊണ്ടുവന്നു. അവരെ മഞ്ചേരിയിലേക്കു കൊണ്ടുവരുന്നത് കാണാനായി വണ്ടൂർ മുതൽ മഞ്ചേരി വരെ നാനാജാതി മതസ്ഥർ പൊതു നിരത്തിൽ കൂട്ടമായി അണിനിരന്നിരുന്നു. മഞ്ചേരിയിൽനിന്ന് മലപ്പുറത്തേക്ക് കൊണ്ടുവന്ന ഹാജിക്ക് മലപ്പുറം തുക്ടി കച്ചേരിയിൽവെച്ച് മാർഷ്യൽ കോടതി വധശിക്ഷ വിധിച്ചു. 1922 ജനുവരി 20-ന് രാവിലെ മലപ്പുറം കോട്ടക്കുന്നിന്റെ ചരിവിൽവെച്ച് ശിക്ഷ നടപ്പാക്കി. ■

(അവസാനിച്ചു)

അവലംബം:


1. പ്രഫ. എം.പി.എസ് മേനോൻ -മലബാർ സമരം: എം.പി നാരായണമേനോനും സഹപ്രവർത്തകരും; കെ. മാധവൻനായർ- മലബാർ കലാപം; പ്രഫ. കോൺറാഡ് വുഡ് (വിവ: ടി.വി.കെ)- മലബാർ കലാപം: അടിവേരുകൾ; ഡോ. സി.കെ കരീം- കേരള മുസ്‌ലിം ചരിത്രം സ്ഥിതിവിവരക്കണക്ക് ഡയറക്ടറി വാ. 3; 60-ാം വാർഷികാഘോഷ കമ്മിറ്റി, തിരൂരങ്ങാടി- മലബാർ കലാപം 1921.

2. ഇസ്‌ലാമിക വിജ്ഞാനകോശം വാല്യം. 3, 8

3. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്- ഖിലാഫത്ത് സമരങ്ങൾ ....

4. വി.കെ സെയ്തുമുഹമ്മദ് - കേരള ദൃക്സാക്ഷി ചരിത്രം

5. മാപ്പിള സമുദായം. ടി. മുഹമ്മദിന്റെ ലേഖനങ്ങൾ (പ്രബോധനം വാരിക). 1981 ജൂൺ, ജൂലൈ, സെപ്റ്റംബർ, 1982

6. K.N Panicker Against Lord and State.

7. എം. ഗംഗാധരന്റെ മാപ്പിള പഠനങ്ങൾ

8. വില്യ ലോഗൻ: മലബാർ മാന്വൽ

9. Roland B Miller: Mappila Muslim of Kerala

10. കെ.പി കേശവമേനോൻ, കഴിഞ്ഞകാലം.

11. എ.കെ പിള്ള കോൺഗ്രസും കേരളവും.


ktmhussain@yahoo.co.in